കേരള സർക്കാർ

*സംഗ്രഹം*

പിന്നോക്ക സമുദായ വികസന വകുപ്പ് – 2013-14 ബജറ്റ് - തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme) പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിലെ തൊഴിലിനുള്ള പരിശീലനം (Career in Automobile Industry through public/private participation.) – എന്നീ പദ്ധതികളുടെ നടത്തിപ്പിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

**സ.ഉ. (സാധാ) നം. 70/2013/പിസവിവ** **തീയതി, തിരുവനന്തപുരം. 16.08.2013**

പരാമർശം 1) 01-07-2013-ലെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ BCDD/A1/684/2013 നമ്പർ കത്ത്.

2) 02/08/2013 -ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

വിദ്യാഭ്യാസമുള്ള, പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര/സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള പരിശീലനത്തിനായി 5 കോടി രൂപയും, ഓട്ടോമൊബൈൽ രംഗത്തെ തൊഴിലിനുള്ള പരിശീലനത്തിനായി 2 കോടി രൂപയും, വിദേശത്ത് വിദ്യാഭ്യാസം ചെയ്യുന്ന പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനായി 2 കോടി രൂപയും, 2013-14 -ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികൾ സംബന്ധിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) കത്തിലൂടെ അഭ്യർത്ഥിക്കുകയുണ്ടായി.

02/08/2013 – ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme) പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിലെ തൊഴിലിനുള്ള പരിശീലനം (Career in Automobile Industry through public/private participation.) എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചു.

ആകയാൽ നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ 2225-03-277-90 (P) എന്ന ശീർഷകത്തിൽ വകയിരിത്തിയിട്ടുള്ള 5 കോടി രൂപ തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme) എന്ന പദ്ധതിക്കും, 2225-03-102-99 (plan) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപ പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിലെ തൊഴിലിനുള്ള പരിശീലനം (Career in Automobile Industry through public/private participation.) എന്ന പദ്ധതിക്കും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme)</u>**

1. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ പരിശീലനം നടത്തുന്ന സ്ഥാപനങ്ങളെ empanel ചെയ്യണമെന്ന വ്യവസ്ഥ ഈ സാമ്പത്തിക വർഷം (2013-2014) പദ്ധതി നിർവ്വഹണത്തിൽ നിന്ന് ഒഴിവാക്കുകയും, എന്നാൽ 2014-2015 വർഷത്തെ പദ്ധതി നിർവ്വഹണത്തിന് സ്ഥാപനങ്ങളെ empanel ചെയ്യേണ്ടതുമാണ്. പ്രശസ്തമായ രീതിയിൽ പരിശീലനം നടത്തുന്ന സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ അപേക്ഷകൾ സ്ഥാപന മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

............ (2)

2. വാർഷിക വരുമാനം 2 ലക്ഷത്തിന് താഴെയുള്ളതും 60%മോ അതിൽ കൂടുതൽ മാർക്കോ ഉള്ള കുട്ടികൾക്ക് മുൻഗണന നൽകികൊണ്ട് 4.5 ലക്ഷം രൂപ ടി പദ്ധതിയുടെ പരമാവധി വാർഷിക വരുമാന പരിധിയായി കണക്കാക്കേണ്ടതാണ്.

3. ബാങ്കിംഗ് സർവ്വീസ് പരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായത്തിനായി തെരഞ്ഞെടുക്കുന്ന കുട്ടികൾ കുറഞ്ഞത് കഴിഞ്ഞ 5 വർഷമെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും രജിസ്ട്രേഷൻ ഉള്ളതും പ്രതിവർഷം 50 കുട്ടികളെയെങ്കിലും പഠിപ്പിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങളിലായിരിക്കണം പഠിക്കുന്നത്.

4. പഠിക്കുന്ന സ്ഥാപനത്തിന്റെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്തക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ട് നൽകേണ്ടതാണ്.

5. UGC/NET/JRF/MAT/GATE തുടങ്ങിയവയ്ക്കുള്ള പരിശീലനത്തിനുള്ള ധനസഹായം ഇപ്പോൾ ഒഴിവാക്കേണ്ടതാണ്.

6. സിവിൽ സർവ്വീസ് പരീക്ഷയുടെ പരിശീലനത്തിനുള്ള ധനസഹായം സർക്കാർ നിയന്ത്രണത്തിലുള്ള സിവിൽ സർവ്വീസ് അക്കാഡമിയിലും സംസ്ഥാനത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിലും പ്രവേശനം നേടിയവർക്ക് മാത്രം നൽകേണ്ടതാണ്

7. അപേക്ഷകരുടെ എണ്ണം, നിശ്ചയിച്ചിരിക്കുന്ന ഗുണഭോക്താക്കളെക്കാൾ കൂടുതലായാൽ യോഗ്യതാ പരീക്ഷയിലെ ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിലും, ഏതെങ്കിലും അപേക്ഷകരുടെ യോഗ്യതാ പരീക്ഷയിലെ മാർക്കുകൾ തമ്മിൽ തുല്യമായാൽ ഏറ്റവും കുറഞ്ഞ കുടുംബ വാർഷിക വരുമാനമുള്ളവർക്കും മുൻഗണന നൽകുക.

8. ഒരാൾക്ക് ഒരു വർഷം ഒരു കോഴ്സിനു മാത്രം ആനുകൂല്യം നൽകേണ്ടതും ഒരു തവണ ആനുകൂല്യം ലഭിച്ചവർക്ക് അതേ പരിശീലനത്തിന് തുടർന്ന് ആനുകൂല്യം അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

9. പ്രമുഖ പത്രങ്ങളിൽ പരസ്യം നല്കിയായിരിക്കണം അപേക്ഷ ക്ഷണിക്കുന്നത്.

**<u>പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിലെ തൊഴിലിനുള്ള പരിശീലനം (Career in Automobile Industry through public/private participation.)</u>**

1. 2 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഇല്ലാത്ത രക്ഷിതാക്കളുടെ കുട്ടികൾക്ക് മാത്രം ആനുകല്യം നൽകേണ്ടതാണ്.

2. ITI/ITC കോഴ്സ് വിജയിച്ചവർമാത്രം ആനുകൂല്യത്തിന് അപേക്ഷിച്ചാൽ മതിയാകും.

3. ഓരോ മാസവും 5 -ാം തീയതിക്ക് മുമ്പ് ബന്ധപ്പെട്ട സ്ഥാപനം നൽകുന്ന മുൻമാസത്തെ Attedance Statement ന്റെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ സ്റ്റൈപ്പൻറ് വിതരണം ചെയ്യേണ്ടതാണ്.

4. ആനുകൂല്യം ഉദ്യോഗാർത്ഥികളുടെ ബാങ്ക് അക്കൌണ്ടിൽ നേരിട്ട് ക്രഡിറ്റ് ചെയ്യേണ്ടതാണ്.

5. വാഹന നിർമ്മാതാക്കളുടെ കേരളത്തിലെ അംഗീകരിച്ച വിൽപന/സേവന സ്ഥാപനങ്ങളെയാണ് സ്കീമിലുൾപ്പെടുത്തേണ്ടത്.

............(3)

6. തെരഞ്ഞെടുക്കപ്പെടുന്നവർ പരിശീലനകാലം സ്ഥാപനത്തിന്റെ പെരുമാറ്റച്ചട്ടം അംഗീകരിക്കേണ്ടതും ഏൽപ്പിക്കുന്ന ചുമതലകൾ ശ്രദ്ധാപൂർവ്വം ഏറ്റെടുക്കേണ്ടതുമാണ്.

7. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് അർഹമായ തൊഴിൽ നൽകുന്നത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തം ആയിരിക്കും.

8. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ സർക്കാരുമായി നിശ്ചിത മാതൃകയിൽ ധാരണാ പത്രം ഒപ്പിടേണ്ടതാണ്.

9. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളും സർക്കാരുമായി നിശ്ചിത മാതൃകയിൽ ധാരണാ പത്രം ഒപ്പിടേണ്ടതാണ്.

10. പരിശീലനം ലഭ്യമാക്കിയെന്നതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ഒരു അവകാശമായി സർക്കാരിൽ ഉന്നയിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

11. പിന്നോക്ക സമുദായ വികസന വകുപ്പ് ഉദ്യോഗസ്ഥർ, വാഹന നിർമ്മാതാക്കളുടെ/ഷോറൂമിലെ/ സർവ്വീസ് സെന്റർ പ്രതിനിധി എന്നിവരടങ്ങിയ സമിതിയായിരിക്കണം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

12. ടി പദ്ധതി സംബന്ധിച്ച് പ്രമുഖ പത്രങ്ങളിൽ പരസ്യം നല്കിയായിരിക്കണം അപേക്ഷ ക്ഷണിക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ. ആഷ തോമസ്**
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി*

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം,
ധനകാര്യ വകുപ്പ്.
I & PRD സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ